Mar Thoma Residential school, Tiruvalla.
1st Terminal Examination - 2019

Std. X | Time: 3 hrs | Marks: 80

# Malayalam

## Section A

**Question 1 :-**

താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഒന്ന് തെരഞ്ഞെടുത്ത് ഏകദേശം 250 വാക്കിൽ ഒരു ഉപന്യാസം എഴുതുക. [15]

(i) യുദ്ധം വരുത്തുന്ന നാശങ്ങളെയും ലോകസമാധാനത്തിന്റെ ആവശ്യകതയെയും കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക ?

(ii) 'നല്ല ഭക്ഷണം, നല്ല ആരോഗ്യം' — നിങ്ങളുടെ അഭിപ്രായം വിശദമാക്കുക.

(iii) 'ശാസ്ത്രത്തിന്റെ അത്ഭുതങ്ങളാണ് ഇന്നത്തെ ലോകം' സമർത്ഥിക്കുക ?

(iv) നല്ല നാളെയെക്കുറിച്ച് നിങ്ങളുടെ പ്രതീക്ഷകൾ വിവരിക്കുക ?

(v) 'ഏച്ചുകെട്ടിയാൽ മുഴച്ചിരിക്കും' — ഈ പഴഞ്ചൊല്ലിനെ ആസ്പദമാക്കി ഒരു സ്വതന്ത്രകഥയെഴുതുക.

**Question 2.**

താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും ഒന്നു തെരഞ്ഞെടുത്ത് ഏകദേശം 120 വാക്കിൽ ഒരു കത്തെഴുതുക [7]

നിങ്ങൾ നേരിട്ടുകണ്ട പ്രളയ ദുരന്തത്തെക്കുറിച്ചു വിവരിച്ചുകൊണ്ട് വിദേശത്തുള്ള നിങ്ങളുടെ സുഹൃത്തിനൊരു കത്തെഴുതുക

അല്ലെങ്കിൽ

നിങ്ങളുടെ സ്കൂളിലെ സാഹിത്യസമാജം ഉദ്ഘാടനം ചെയ്യാനെത്തണമെന്ന് അപേക്ഷിച്ചുകൊണ്ട് പ്രശസ്ത സാഹിത്യകാരനൊരു കത്തെഴുതുക

(മറുപുറം)

Question. 3 :: താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ചതിനു ശേഷം തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് സ്വന്തം വാക്കുകളിൽ ഉത്തരമെഴുതുക.

കുറെ ജനങ്ങൾ താമസിക്കുന്നു എന്നതു കൊണ്ടു മാത്രം ഒരു രാജ്യം രാഷ്ട്രമായിത്തീരുന്നില്ല. വെറും ജനസംഖ്യയെ ജനത എന്നും പറഞ്ഞുകൂടാ. പൊതു നൻമയെ മുൻനിർത്തി പരസ്പരധാരണയോടെ എല്ലാവരും ഒത്തൊരുമിച്ച് പ്രയത്നിക്കാൻ തയ്യാറാകുമ്പോഴാണ്, ജനസംഖ്യ ജനതയാകുന്നതും രാജ്യം രാഷ്ട്രമാകുന്നതും. ക്ഷേമരാഷ്ട്രത്തിന്റെ മഹത്താദർശങ്ങൾക്ക് നിദാനവും ഇതത്രേ.

പൊതുനൻമയെക്കുറിച്ച് ചിന്തപോലും ഇല്ലാതെ സ്വന്തം താല്പര്യങ്ങൾ എങ്ങനെയെങ്കിലും നേടിയെടുക്കണം - മറ്റുള്ളവർക്ക എന്തു സംഭവിച്ചാലും കൊള്ളാം എന്ന സങ്കുചിത മനോഭാവത്തോടെ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ജനങ്ങൾക്ക് ഒരു ക്ഷേമരാഷ്ട്രം പടുത്തുയർത്താൻ സാധിക്കില്ല. ശാസ്ത്രജ്ഞൻമാരും സാമ്പത്തിക വിദഗ്ധരും പലപ്പോഴായി പല പദ്ധതികളും രാഷ്ട്രത്തിന്റെ അഭ്യുദയത്തിനുവേണ്ടി ആവിഷ്ക്കരിച്ചതായി കാണാം. ആരംഭത്തിൽ ഏതാണ്ടൊരു പുരോഗതി ഉണ്ടാക്കാൻ അത്തരം പദ്ധതികൾക്കു കഴിഞ്ഞേക്കുമെന്നല്ലാതെ അവകൊണ്ട് മാത്രം ഒരു രാഷ്ട്രത്തിനു സ്ഥായിയായ അഭ്യുദയം നേടാനാവില്ല.

ബാഹ്യലോകത്തെ കുറിച്ചു മാത്രമേ ശാസ്ത്രജ്ഞനു ബോധമുള്ളൂ. മനുഷ്യന്റെ ചുറ്റുപാടുകളെങ്ങനെയാണ് എന്നതിലാണ് അയാളുടെ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. വ്യക്തിയുടെ ആന്തരികലോകം ഭൗതികശാസ്ത്രം കണക്കിലെടുത്തിട്ടേയില്ല. വ്യക്തിയുടെ സ്വഭാവത്തെയും ഭദ്രതയെയും ആശ്രയിച്ചിരിക്കുന്നു. അപ്പോൾപ്പിന്നെ സമ്പദ്‌വ്യവസ്ഥ മെച്ചപ്പെടുത്തിയതുകൊണ്ടും സാമൂഹിക നിയമങ്ങൾ പരിഷ്ക്കരിച്ചതുകൊണ്ടും സാങ്കേതിക പരിജ്ഞാനം നേടിയതുകൊണ്ടും

മാത്രം എങ്ങനെയാണ് രാഷ്ട്രത്തിനു ഭദ്രത കൈവരിക?

ഭരണ പരിഷ്കാരമോ സാമ്പത്തികാസൂത്രണമോ ശാസ്ത്രീയ പുരോഗതിയോ ഒന്നും വേണ്ട എന്നല്ല ഇപ്പറഞ്ഞതിന്റെ അർത്ഥം. അർഹിക്കുന്ന പ്രാധാന്യം അവയ്ക്കു കൽപ്പിക്കുകയും വേണം. പക്ഷേ ഒരു പരിധി വരെ മാത്രമേ അവകൊണ്ട് പ്രയോജനമുള്ളൂ. അവ കൈകാര്യം ചെയ്യുന്ന മനുഷ്യന് സ്വഭാവഗുണവും ഉദ്ദേശ്യശുദ്ധിയും ഇല്ലെങ്കിൽ അവതന്നെ അനർത്ഥകാരികളായിത്തീരും.

രാജ്യതന്ത്രജ്ഞൻമാർ നയങ്ങൾ ആവിഷ്കരിച്ച് പരിവർത്തനങ്ങൾ വരുത്തി തങ്ങളുടെ രാജ്യത്തെ ലോകത്തിന്റെ ദൃഷ്ടിയിൽ ഏറ്റവും മികച്ചതായി കാണിക്കാൻ പാടുപെടുന്നു. അതേസമയം ആ രാജ്യത്തിലെ ജനങ്ങൾക്ക് ദേശീയബോധമോ, ഐക്യമോ, പരസ്പരസ്നേഹമോ ഇല്ലെങ്കിൽ അന്തഃച്ഛിദ്രങ്ങൾ പൊട്ടിപ്പുറപ്പെട്ട് രാജ്യതന്ത്രജ്ഞൻമാരുടെ സ്വപ്നത്തെ ശിഥിലമാക്കിത്തീർക്കും. എത്രയെത്ര സാമ്രാജ്യങ്ങൾ ഇങ്ങനെ തകർന്നു പോയിട്ടില്ല.

മറിച്ച് ധാർമ്മികമൂല്യങ്ങളെ മാനിച്ചാദരിക്കുന്ന വിവേകികളാണ് മനുഷ്യരെങ്കിൽ ശാസ്ത്രത്തിന്റെ നേട്ടങ്ങൾ ലോകത്തിന് വലിയൊരനുഗ്രഹം തന്നെയാണ്. എന്നാൽ മനുഷ്യൻ ധാർമ്മികമായി അധഃപതിക്കുമ്പോൾ പൊതു നൻമയ്ക്കു വിനിയോഗിക്കുന്നതിനു പകരം ലോകോപദ്രവത്തിനായിരിക്കും ശാസ്ത്രപരിജ്ഞാനത്തെ വിനിയോഗിക്കുക. ഇങ്ങനെ അനുഗ്രഹം ശാപമായി പരിണമിക്കുന്ന ദുരവസ്ഥാവിശേഷമാണ് നാമെങ്ങും കാണുന്നത്.

ചോദ്യങ്ങൾ :

i) ജനസംഖ്യ ജനതയാകുന്നതും രാജ്യം രാഷ്ട്രമാകുന്നതും എപ്പോഴാണ് ? [2]

ii) ക്ഷേമരാഷ്ട്രം പടുത്തുയർത്താൻ കഴിയാത്തതാർക്കാണ്? [2]

iii) രാഷ്ട്രത്തിന്റെ അഭ്യുദയത്തിനു വേണ്ടി പലപദ്ധതികളും ആവിഷ്കരിക്കുന്നതാരാണ്? അതിന്റെ ഫലമായി നേടാൻ കഴിയുന്നതെന്താണ്? [2]

(മറുപുറം)

iv) ഒരു പരിധിവരെ മാത്രമേ അവകൊണ്ട് പ്രയോജനമുള്ളൂ എന്തുകൊണ്ട് ?

v) അനുഗ്രഹം ശാപമായി പരിണമിക്കുന്നതെപ്രകാരമെന്ന് വിവരിക്കുക ?

Question 4 :

a. ഒറ്റപ്പദം എഴുതുക.

i) സ്മരണയെ നിലനിർത്തുന്നത്.

ii) ആത്മാവിനെ സംബന്ധിച്ചത്.

b. അക്ഷരത്തെറ്റു തിരുത്തുക

i) കാരാഗ്രഹം

ii) ക്രിത്യമം

c. അനുകഥനമാക്കുക

കൈകേയി : വൽക്കലം ധരിച്ച രാമന് വൽക്കലം ധരിച്ച സീത തന്നേ ചേരും.

വസിഷ്ഠൻ : ശാസ്ത്രത്തിനും അതിരുണ്ടെന്ന് ദശരഥന്റെ പ്രിയ പത്നി അറിഞ്ഞാലും.

d. താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഒന്നിനെപ്പ ഒരു പഴഞ്ചൊല്ല് എഴുതുക

(i) അമ്മ (ii) രാജാവ്

e. താഴെ കൊടുത്തിരിക്കുന്ന പദങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് രണ്ടു പര്യായം വീതം എഴുതുക

(i) മുഖം (ii) ഓർമ്മ (iii) മനസ്സ്

f. ഏതെങ്കിലും രണ്ടു ശൈലികൾ വാക്യത്തിൽ പ്രയോഗിക്കുക

(i) ഇടങ്കോലിടുക

(ii) തീകൊണ്ടു കളിക്കുക

(iii) വെള്ളപൂശുക

## Section B

രണ്ടു പുസ്തകത്തിൽ നിന്നുമായി ഏതെങ്കിലും നാലു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

### 1. സാഹിത്യസുരഭി

**Question 5 :-**

"ഒന്നു മിണ്ടാണ്ടിരിക്ക്, ഓന് അയ്‌നൊന്നും നേരംണ്ടാവില്ല."

ചോദ്യങ്ങൾ :-

i) ഇങ്ങനെ പറഞ്ഞതാര്? സന്ദർഭം? [2½]

ii) പുഷ്‌റാവൻസിലിനെക്കുറിച്ച് വിവരിക്കുക? [3]

iii) അങ്ങനെ ശഠിക്കുന്നൊരു മുഖഭാവവുമായി ഉമ്മയിരിക്കും. ഉമ്മ ശഠിക്കുന്നതെന്ത്? [2]

iv) രാത്രിയിൽ ശബ്ദം കേട്ട് വാതിൽ തുറന്ന് പുറത്തിറങ്ങിയ കുൽസുമ്മ കണ്ട കാഴ്ചയെന്ത്? [2½]

**Question 6 :-**

" പേടിക്കേണ്ട മൊതലാളി! ഏൻ പോലീസേമാനും മറ്റുമല്ല"

ചോദ്യങ്ങൾ :-

(i) അഴകനു മനസ്സിലായി. അതൊരു മായയല്ല, യാഥാർത്ഥ്യമാണ്. — അഴകൻ കണ്ട യാഥാർത്ഥ്യമെന്ത്? [3]

(ii) പുലിച്ചപ്പാറമുക്കിനെക്കുറിച്ചു വിവരിക്കുക? [3]

(iii) അഴകൻ അറിവുള്ള കുലദൈവങ്ങൾക്കൊക്കെ വഴിപാടു നേർന്നു. എന്തുകൊണ്ട്? [2]

(iv) അഴകൻ കിഴക്കൻ തോട്ടങ്ങളിൽ പണിക്കു പോകാൻ കാരണമെന്ത്? [2]

(മറുപുറം)

Question 7

" നമ്മുടെ നേർക്ക് സംസാരിക്കുന്നവരുടെ ... കണ്ണിന് ഒരു ശക്തിയുണ്ട്. കണ്ണാടിവച്ചാൽ അ... നഷ്ടമാകും"

ചോദ്യങ്ങൾ :-

(i) സി.പി. ഫ്രാൻസിസ് എന്ന തയ്യൽക്കാരനെക്കുറിച്ച് വിവരിക്കുക ?

(ii) എല്ലായ്പോഴും കോളർവച്ച ഷർട്ടുകൾ ധരി... ത്തിനെക്കുറിച്ച് ഫ്രാൻസിസ് പറഞ്ഞതെന്ത്?

(iii) ഫ്രാൻസിസിന്റെ മേശയെക്കുറിച്ചും വിവരിക്കുക?

(iv) ഫ്രാൻസിസ് തയ്ച്ച ഷർട്ടു കണ്ടപ്പോൾ പാപ്പ... വെറുപ്പു തോന്നാൻ കാരണമെന്ത് ?

## മയ്യഴിപ്പുഴയുടെ തീരങ്ങളിൽ

Question 8

" അങ്ങനെ ഗബ്രിയേൽ സായ്‌വ് കഷ്ടപ്പെട്ടു നേടിക്കൊടുത്ത ജോലി കരടിസായ്‌വിനു നഷ്ട...

ചോദ്യങ്ങൾ:-

(i) കരടിസായ്‌വ് ആര്? അയാളെക്കുറിച്ചു വിവരി...

(ii) ഒരിക്കൽ ഒരനിഷ്ടസംഭവമുണ്ടായി. സംഭവമെന്ത്...

(iii) കരടിസായ്‌വിനു ജോലി നഷ്ടപ്പെട്ടതെങ്ങനെ?

(iv) 'ഓളെ ഒരു കഷ്ടപ്പാട്' എന്ന് മയ്യഴിയുടെ മക്കൾ എമിലിയെക്കുറിച്ചോർത്തു പരിതപിക്കുന്നതെന്തു...

Question 9

" പന്തലിട്ടു മംഗലം കഴിക്കാൻ പറ്റിയ പറമ്പ് ഇവിടെ"

ചോദ്യങ്ങൾ:-

(i) ഇങ്ങനെ പറഞ്ഞതാര്? അദ്ദേഹം ഇങ്ങനെ പറ... കാരണം?

(ii) കുറുമ്പിയമ്മ കാണാൻ ആഗ്രഹിച്ചിരുന്നതെന്ത്? [2½]

(iii) വിവാഹത്തിനായി അച്ചു നടത്തിയ ഒരുക്കങ്ങൾ എന്തെല്ലാം? [2½]

(iv) 'അച്ചുവിന് അതു സന്തോഷമുള്ള കാര്യമായിരുന്നു'- ഏത്? [2½]

## Question 10

"സ്വന്തം യജമാനനെ കടിച്ച ഒരു നായയെപ്പോലെ അയാൾ ചുരുണ്ടുപോയി."

ചോദ്യങ്ങൾ:-

(i) ബെക്കോത്തോർ കരുണന് അങ്ങനെ ഒരവസ്ഥ വരാൻ കാരണമെന്ത്? [3]

(ii) ദാസന്റെ അഭാവം കണാരേട്ടനെ ബാധിച്ചതെങ്ങനെ? [2]

(iii) സൗദാമിനിയമ്മ ആര്? വിവരിക്കുക? [2]

(iv) കരുണന്റെ അന്ത്യം വിവരിക്കുക? [3]